(ബി) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടൂറിസം മാപ്പ് നിലവിലുണ്ട്. കായലുകളെപ്പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക മാപ്പുകൾ തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ടൂറിസം സർക്യൂട്ടുകൾക്ക് അംഗീകാരം നൽകേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. നിലവിലുള്ള സർക്യൂട്ട് ഇപ്രകാരമാണ്;

കൊല്ലം-വർക്കല-കൊല്ലം-ആലപ്പുഴ-കുമരകം-കൊച്ചി-മൂന്നാർ-തേക്കടി. മലബാർ മേഖല കേന്ദ്രീകരിച്ച് മംഗലാപുരം-ബേക്കൽ-കണ്ണൂർ-കാപ്പാട്-കോഴിക്കോട്-വൈത്തിരി-സുൽത്താൻബത്തേരി-മൈസൂർ എന്ന ഒരു പുതിയ സർക്യൂട്ട് നമ്മുടെ അഭ്യർത്ഥനയനുസരിച്ച് കേന്ദ്രം അംഗീകരിച്ചതായി അറിയുന്നു. ഇതു സംബന്ധിച്ച അറിയിപ്പ് കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രധാനപ്പെട്ട ടൂറിസ്റ്റുകേന്ദ്രങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് കെ. എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ നടത്തുന്നുണ്ട്.

(ഇ) പ്രമുഖ ടൂറിസ്റ്റുകേന്ദ്രങ്ങളിൽ ഹോട്ടലുകളും വിശ്രമ കേന്ദ്രങ്ങളും റസ്റ്റോറന്റുകളും നടത്തിവരുന്നുണ്ട്. പുതുതായി ചെന്നൈ, ബേക്കൽ, കന്യാകുമാരി എന്നിവിടങ്ങളിൽ ഹോട്ടലുകൾ പരിഗണനയിലുണ്ട്. മൂന്നാറിലെ റിസോർട്ടിന്റെയും കുമരകം ടൂറിസ്റ്റ് വില്ലേജിന്റെയും പണി പൂർത്തിയായിവരുന്നു. ബോൾഗാട്ടി പാലസ്സിന്റെ നവീകരണം പൂർത്തിയാകാറായി. മസ്ക്കറ്റ് ഹോട്ടൽ ഒരു 5 സ്റ്റാർ ഡീലക്സ് ഹോട്ടലായി ഉയർത്തുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി ഒരു 4-സ്റ്റാർ ഹോട്ടൽ പദ്ധതിയും ആലോചനയിലുണ്ട്.

(എഫ്) ടൂറിസ്റ്റ്കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി കെ.ടി.ഡി.സി. ഇപ്പോൾത്തന്നെ കണക്റ്റഡ് ടൂറുകൾ നടത്തിവരുന്നുണ്ട്.

8 (*401) കേന്ദ്ര പദ്ധതി മാസവിഹിതം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്ക് കേന്ദ്രപദ്ധതി മാസവിഹിതം അനുവദിക്കുന്നതിന് ആസൂത്രണ കമ്മീഷന്റെ സർട്ടിഫിക്കറ്റ് വേണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ ഏതൊക്കെ തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സംഗതി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) 'ഓൾട്ടർനേറ്റ് റെവല്യൂഷൻ ഫോർമുല' നടപ്പിലാക്കുമ്പോൾ 1996 മുതൽ സംസ്ഥാനത്തിന് ഉണ്ടാകാനിടയുള്ള കുടിശ്ശിക തുക 1999-2000 വർഷത്തെ ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് എന്തു മറുപടി ലഭിച്ചുവെന്ന് വിശദ മാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) കേന്ദ്ര ആസൂത്രണ കമ്മീഷൻ സെക്രട്ടറി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് 26.5.1999 ൽ അയച്ച ഒരു കത്തിൽ, സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്ര സഹായം ഇനിമുതൽ ചില നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും നൽകുക എന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം, പദ്ധതിയിനത്തിൽ മുൻമാസം ചെലവഴിച്ച തുകയിൽ കുറവുണ്ടായിരിക്കുക, സാമ്പത്തിക ക്രമക്കേടുകൾ നടക്കുകയും നിർബന്ധമായും നടപ്പാക്കേണ്ട പദ്ധതികൾ (ഈയർമാർക്ക്സ് സ്കീമുകൾ) ക്കുള്ള ചെലവിൽ കുറവുണ്ടായിരിക്കുകയും ചെയ്യുക. പ്രധാന മേഖല (കോർ സെക്ടർ) യിലെ പദ്ധതി ചെലവിൽ കുറവുണ്ടായിരിക്കുക, ആസൂത്രണ കമ്മീഷന് യഥാസമയം പദ്ധതിരേഖ സമർപ്പിക്കാതിരിക്കുക, കമ്മിഷന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ കേന്ദ്ര ധനമന്ത്രാലയം കേന്ദ്ര സഹായത്തിന്റെ 1999 ജൂലൈ മാസം മുതലുള്ള പ്രതിമാസ ഗഡുക്കൾ നൽകുന്നത് ആസൂത്രണ കമ്മീഷനിലെ ബന്ധപ്പെട്ട ഉപദേഷ്ടാവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കും എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ചുള്ള കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം ഇതുവരെ അറിവായിട്ടില്ല.

(ബി) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം നൽകുന്നതിന് നാലാം പദ്ധതിക്കാലം മുതൽ ദേശീയ വികസന സമിതിയുടെ അംഗീകാരത്തോടെ 'ബ്ലോക്ക് അസിസ്റ്റൻസ്' എന്ന സമ്പ്രദായമാണ് അനുവർത്തിച്ചുവരുന്നത്. അതനുസരിച്ച്, കേന്ദ്രസഹായത്തിന്റെ ആദ്യത്തെ പത്തു മാസത്തെ ഗഡുക്കൾ നിബന്ധനകളൊന്നും കൂടാതെയും അവസാനത്തെ രണ്ടു ഗഡുക്കൾ ആ വർഷത്തെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതിയുടെ അടിസ്ഥാനത്തിലുമാണ് ലഭ്യമാക്കിവരുന്നത്. ഈ സമ്പ്രദായത്തിൽ വരുന്ന മാറ്റങ്ങൾ, പദ്ധതി നിർവ്വഹണത്തേയും അതിനാവശ്യമായ ധനലഭ്യതയേയും പ്രതികൂലമായി ബാധിക്കും.

(സി) സംസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുള്ള ഈ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്നും പ്രാവർത്തികമാക്കുന്നതിന് മുൻപ് അവ ദേശീയ വികസന സമിതിയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണെന്നും കാണിച്ച് പ്രധാനമന്ത്രിക്കും രാഷ്ട്രപതിക്കും ആസൂത്രണ കമ്മിഷൻ ഉപാദ്ധ്യക്ഷനും മുഖ്യമന്ത്രി കത്തുകൾ അയച്ചിട്ടുണ്ട്.

ആസൂത്രണ കമ്മിഷൻ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകളെ സംബന്ധിച്ച തങ്ങളുടെ പ്രതികരണം കമ്മിഷനെ അറിയിക്കണമെന്നും അവ വികസന പ്രക്രിയയിൽ ഉളവാക്കാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിച്ച് ഉചിതമായ നടപടികൾ നിർദ്ദേശിക്കണമെന്നും നിലവിലുള്ള സമ്പ്രദായം തുടരുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും മറ്റു സംസ്ഥാന മുഖ്യമന്ത്രിമാരോട് ഒരു കത്തിലൂടെ മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ ഈ ഫോർമുല നടപ്പാക്കി കുടിശ്ശിക നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അന്തിമ തീരുമാനം അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly